വിൽപ്പനയിലെ ക്രമക്കേട്, വാഹനങ്ങളുടെ ദുരുപയോഗം, രണ്ടു ടീ ഫാക്ടറികളിൽ ഒരേ സമയം ജോലി ചെയ്യുന്നു. ഇന്ധനമായി ഉപയോഗിക്കുന്ന ബ്രിക്കറ്റ് വാങ്ങുന്നതിലെ അഴിമതി, പ്രോവിഡന്റ് ഫണ്ടിലെ ധനാപഹരണം മുതലായവ ആണ് ആരോപണങ്ങൾ.

(സി) ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതിൻമേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രീയദർശിനി ടി എസ്റ്റേറ്റിലെ മാനേജർ ശ്രീ. സി. എം പ്രഭുവിനെതിരെയുള്ള ആരോപണങ്ങളെപ്പറ്റി സഹകരണവകുപ്പ് അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി. എം പ്രഭുവിന്റെ കരാർ നിയമനം അവസാനിപ്പിച്ച് ജോലിയിൽ നിന്ന് നീക്കം ചെയ്യാൻ മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ സഹകരണസംഘം മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഇളംങ്കുളം ബാങ്ക് കോട്ടയം ജില്ലാ സഹകരണബാങ്കിൽ വരുത്തിയ കുടിശ്ശിക

108 (949) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എ) കോട്ടയം ജില്ലാ സഹകരണബാങ്ക് ഇളംങ്കുളം സർവ്വീസ് സഹകരണ ബാങ്കിന് ഏതെല്ലാം വിധത്തിലുള്ള എന്തു തുകയുടെ വായ്പകൾ കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര രൂപയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ട് ;

(സി) ഇളംങ്കുളം ബാങ്കിന് ജില്ലാ സഹകരണ ബാങ്കിൽ എത്ര രൂപയുടെ ബാദ്ധ്യതയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഭരണസമിതി പിരിച്ചുവിട്ടതിനുശേഷം ബാങ്കിനുള്ള കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ നടപടികളുടെ ഫലമായി ബാങ്കിനു ലഭിക്കേണ്ട തുകയിൽ എത്ര രൂപ പിരിച്ചെടുത്തുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) എത്ര രൂപയുടെ കുടിശ്ശിക ഇനി പിരിഞ്ഞുകിട്ടുവാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) ഇളംങ്കുളം ബാങ്കിന്റെയും കോട്ടയം ടൂറിസം സൊസൈറ്റിയുടേയും കുടിശ്ശിക പിരിച്ചെടുത്തതിൽ കാലതാമസവും വീഴ്ചയും വന്നിട്ടുണ്ടെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ബാങ്കിന്റെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യക്തമാക്കാം

എസ്. ടി. വായ്പ	33,75,250.00
എം. റ്റി. വായ്പ	6,63,15,239.00
എൽ. റ്റി.വായ്പ	4,24,991.00
ജി. എൽ.വായ്പ	39,00,000.00
സ്പെഷ്യൽ ഒ. ഡി	39,97,22,02.26
വോൺ ഫണ്ട്	1,00,00,000.00
സാധാരണവായ്പ	22,3,800.00
ആകെ	12,62,25,482.26

(ബി) 5,67,81,532.26 രൂപ കുടിശ്ശികയാണ്.

(സി) 12,62,25,482.26 രൂപയുടെ ബാദ്ധ്യതയുണ്ട്.

(ഡി) 1999 മുതൽ ഒരു മുഴുവൻ സമയ സ്പെഷ്യൽ സെയിൽ ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. 10, 76,19,618.80 രൂപയുടെ വായ്പാ കുടിശ്ശികയ്ക്ക് 1884 എ.ആർ. സി. ഫയൽ ചെയ്തു. അതിൽ 8,42,89,557 രൂപയ്ക്കുള്ള 773 വിധി നടപ്പ് നടപടികൾ മെയിൻ ഓഫീസറുടെ സേവനം ഉപയോഗിച്ച് സ്വീകരിച്ചു വരുന്നു.

(ഇ) വിവിധ വായ്പകളായി ആകെ 5,99,49,426.42 രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(എഫ്) 31-3-2000 വരെ 10,77,86,567.10 രൂപയുടെ കുടിശ്ശിക പിരിഞ്ഞു കിട്ടുവാനുണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(എച്ച്) നടപടി സ്വീകരിച്ചിട്ടുണ്ട്.

ട്രഷറികളിൽ നിന്നും തിരിച്ചടച്ച തുക

103 (950) ശ്രീ. വി. ബാലറാം :

ഡോ. എം. എ. കുട്ടപ്പൻ : : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച തുക തിരിച്ച് എടുക്കണമെന്ന് റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ഇതനുസരിച്ച് ഇതുവരെ എന്തു തുക തിരിച്ചെടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly